# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| **ജനുവരി 19**<br>**January 19** | **2019** |

***1193 മകരം 5 ശനി***

# പത്രക്കുറിപ്പ് -1

[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) ഫോൺ0468-2222657

### വ്യക്തിഗത ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാം

ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ 2019-20 ജനകീയാസൂത്രണ പദ്ധതിപ്രകാരമുള്ള വ്യക്തിഗത ആനുകുല്യങ്ങൾക്കുള്ള അപേക്ഷാഫോറം പഞ്ചായത്ത് ഓഫീസ്, കുടുംബശ്രീ ഓഫീസ്, അങ്കണവാടികൾ എന്നിവിടങ്ങളിൽ വിതരണം തുടങ്ങി. അപേക്ഷകൾ ഈ മാസം 30ന് വൈകിട്ട് അഞ്ചിന് മുമ്പ് പഞ്ചായത്ത് ഓഫീസിൽ നൽകണമെന്ന് സെക്രട്ടറി അറിയിച്ചു.

(പിഎൻപി 214/19)

### കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിലെ വാർഷിക പദ്ധതിക്ക് ആസൂത്രണസമിതി അംഗീകാരം

കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിക്ക് ആസൂത്രണസമിതി അംഗീകാരം നൽകി. പൊതുവിഭാഗത്തിൽ 1.24കോടി രൂപയും പട്ടികജാതി വിഭാഗത്തിൽ 34.23 ലക്ഷം രൂപയും പട്ടികവർഗ വിഭാഗത്തിൽ 91000 രൂപയും പതിനാലാം ധനകാര്യ കമ്മീഷൻ ഇനത്തിൽ 57.65 ലക്ഷം രൂപയും മെയിന്റനൻസ് ഗ്രാൻഡ് റോഡ് ഇനത്തിൽ 43.64 ലക്ഷം രൂപയും നോൺറോഡ് ഇനത്തിൽ 27.8 ലക്ഷം രൂപയും ലഭ്യമായിട്ടുള്ള മറ്റ് ഫ  ുകളും ഉൾപ്പെടെ 3.33 കോടി രൂപ അടങ്കലുള്ള പദ്ധതിക്കാണ് അംഗീകാരം ലഭിച്ചത്. ഉത്പാദനമേഖലിൽ 13 പദ്ധതികളും സേവനമേഖലയിൽ 48 പദ്ധതികളും പശ്ചാത്തലമേഖലയിൽ 39 പദ്ധതികളും ഉൾപ്പെടെ നൂറ് പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കൃഷി, അടിസ്ഥാന സൗകര്യവികസനം, പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ ഉന്നമനം, വനിത ഘടകപദ്ധതികൾ, ഭിന്നശേഷിക്കാർക്കും

Sample output to test PDF Combine only

വയോജനങ്ങൾക്കമുള്ള പദ്ധതികൾ തുടങ്ങിയവയ്ക്ക് ഊന്നൽ നൽകിയിട്ടു ്.

(പിഎൻപി 215/19)

**അപേക്ഷാഫോറം വിതരണം**

വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ 2019-20 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട വ്യക്തിഗത ആനുകുല്യങ്ങൾക്കുള്ള അപേക്ഷാഫോറം പഞ്ചായത്ത് ഓഫീസ്, അങ്കണവാടികൾ, കൃഷിഓഫീസ്, വെറ്ററിനറി ഡിസ്പെൻസറി എന്നിവിടങ്ങളിൽ വിതരണം തുടങ്ങി. അപേക്ഷകൾ ഈ മാസം 28 വരെ സ്വീകരിക്കുമെന്ന് സെക്രട്ടറി അിറയിച്ചു.

(പിഎൻപി 214/19)

**പെൻഷൻ അദാലത്ത്**

പത്തനംതിട്ട ഡിഫൻസ് പെൻഷൻ ഡിസ്ബേഴ്സിംഗ് ഓഫീസിന്റെ ആഭിമുഖ്യത്തിൽ മിനി പെൻഷൻ അദാലത്ത് ഈ മാസം 31ന് ഡിപിഡി ഓഫീസിൽ രാവിലെ 10 മുതൽ നടക്കും.

(പിഎൻപി 215/19)

**വാസ്തുവിദ്യാ ഗുരുകുലം പാനൽ തയാറാക്കുന്നു**

സാംസ്കാരിക വകുപ്പിന് കീഴിൽ ആറന്മുളയിൽ പ്രവർത്തിക്കുന്ന വാസ്തുവിദ്യാ ഗുരുകുലത്തിൽ ഭാവിയിൽ ഉ ാകുന്ന വിവിധ പ്രോജക്ടുകളിലേക്കും അധ്യാപന ജോലിക്കും ആവശ്യാനുസരണം നിയോഗിക്കുന്നതിനായി യോഗ്യരായ ഉദ്യോഗാർഥികളുടെ പാനൽ തയാറാക്കുന്നു. വാസ്തുവിദ്യാ ഗുരുകുലത്തിൽ നിന്നും വിവിധ കോഴ്സുകളിൽ യോഗ്യത നേടിയവരെയാണ് പരിഗണിക്കുന്നത്.

പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ട്രഷിഷണൽ ആർക്കിടെക്ചർ (ബി.ആർക്ക്, എം. ആർക്ക്, ബി.ടെക് സിവിൽ, എം.ടെക് സിവിൽ (സ്ട്രക്ചറൽ) ഉള്ളവർക്ക് മുൻഗണന), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ട്രഡീഷണൽ ആർക്കിടെക്ചർ (ഡിപ്ലോമ ഇൻ സിവിൽ എൻജിനീയറിംഗ് (ത്രിവത്സരം), ഐടിഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ദ്വിവത്സര ചുമർചിത്രരചന കോഴ്സ് എന്നീ യോഗ്യതയുള്ളവർ ഈ മാസം 30ന് മുമ്പ് അപേക്ഷിക്കണം. ഫോൺ: 0468 2319740.

(പിഎൻപി 216/19)

**ബിസിസിപിഎം, ബിസിസിപിഎൻ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു**

ജില്ലാ ആശുപത്രിയിലെ പാലിയേറ്റീവ് കെയർ ട്രെയിനിംഗ് സെന്ററിൽ നടക്കുന്ന ബിസിസിപിഎം, ബിസിസിപിഎൻ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ബിസിസിപിഎംന് എംബിബിഎസ് ബിരുദവും ബിസിസിപിഎന്നിന് ബിഎസ്.സി/ജിഎൻഎം കോഴ്സ് പൂർത്തിയാക്കി കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനുമാണ് യോഗ്യത. 45 ദിവസമാണ് കോഴ്സിന്റെ കാലാവധി. വെള്ളക്കടലാസിൽ തയാറാക്കിയ അപേക്ഷ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ, ബയോഡേറ്റ, ഫോട്ടോ എന്നിവ സഹിതം ഈ മാസം 31ന് വൈകിട്ട് നാലിന് മുമ്പ് കോഴഞ്ചേരി ജില്ലാ പാലിയേറ്റീവ് കെയർ യൂണിറ്റിൽ ലഭിക്കണം. ബിസിസിപിഎംന് 5000 രൂപയും ബിസിസിഎന്നിന് 3000 രൂപയുമാണ് കോഴ്സ് ഫീസ്. ഫോൺ: 0468 2214107.

(പിഎൻപി 217/19)

**കേരളത്തിലെ ആദ്യ കുടുംബശ്രീ ബസാർ തിരുവല്ലയിൽ**

കുടുംബശ്രീ ഉല്പന്നങ്ങൾ ഒരു കുടക്കീഴിൽ കൊൺ ുവരിക, സ്ഥിരവിപണനത്തിന് വേദി ഒരുക്കുക, പൊതു ജനത്തിന് ആരോഗ്യ ഭക്ഷണം ഉറപ്പാക്കുക, ജൈവ ഉത്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കുടുംബശ്രീ മിഷൻ സ്ഥാപിക്കുന്ന സ്ഥിര വിപണന കേന്ദ്രങ്ങമായ കുടുംബശ്രീ ബസാർ & ഭക്ഷണശാല ഈ മാസം 24ന് തിരുവല്ലയിൽ ഉദ്ഘാടനം ചെയ്യും. തിരുവല്ല നഗരസഭ ചെയർമാൻ ചെറിയാൻ പോളച്ചിറയ്ക്കൽ

Sample output to test PDF Combine only

അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കുടുംബശ്രീ ബസാറിന്റെ ഉദ്ഘാടനം മാത്യു ടി.തോമസ് എംഎൽഎയും കുടുംബശ്രീ കഫേയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണ്ണാദേവിയും നിർവ്വഹിക്കും

ജില്ലയിലെ ആദ്യത്തെ ബസാർ ആരംഭിക്കുന്നത് തിരുവല്ല മുൻസിപ്പൽ സ്റ്റേഡിയത്തിന് സമീപം പുതിയ ബൈപാസിനോട് ചേർന്നാണ്. സമ്പൂർണഷോപ്പിംഗ് സെന്ററായി ആസൂത്രണം ചെയ്തിരിക്കുന്ന സ്ഥലത്ത് ജൈവ ഉത്പന്നങ്ങളാൽ ആഹാരം പാകം ചെയ്തു നൽകുന്ന ഒരു കുടുംബശ്രീ കഫേയും പ്രവർത്തിക്കും. നെല്ല് തൽസമയം കുത്തി അരിയാക്കി നൽകുന്ന സംവിധാവും ഇതോടൊപ്പം പ്രവർത്തിക്കും. ഏകദേശം 2000 സ്ക്വൊയർഫീറ്റ് വിസ്തീർണം വരുന്ന രീതിയിലാണ് ഭക്ഷശാലയുടെ നിർമ്മാണം.

ബസാറിന്റെ നടത്തിപ്പ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കുടുംബശ്രീ അംഗങ്ങളായിരിക്കും. ജില്ലയിലെ കുടുംബശ്രീ ഉല്പന്നങ്ങൾ ശേഖരിച്ച് ഈ സംരംഭകർക്ക് സെന്റർ വഴി വിപണനം നടത്തുവാൻ സാധ്യമാകും. കുടുംബശ്രീ ബസാർ ആൻഡ് ഭക്ഷണ ശാല ഉപഭോക്താക്കൾക്ക് തികച്ചും വ്യത്യസ്തമായ ഒരു ഷോപ്പിംഗ് അനുഭവം ഒരു ക്കുന്നതായിരിക്കും. ജ്യൂസ് പാർലർ, പുട്ടുകട, റഡിടുകുക്ക്/റഡിടുസേർവ്വ്, സ്റ്റോക്കിംഗ്/ ഡെലിവറികൗ ർ, ഓർഗാനിക് ഭക്ഷണ വസ്തുക്കൾ, കറിപൗഡറുകൾ, അരിപ്പൊടികൾ, പച്ചക്കറി ഇനങ്ങൾ, തുണിത്തരങ്ങൾ, ബാഗുകൾ, തയ്യൽക്കട, ബ്യൂട്ടി പാർലർ, ജൈവവസ്തുക്കൾ, ബേക്കറി/ഉപ്പേരികൾ, അരിക്കട, ഫിഷ്സ്റ്റാൾ, ബില്ലിംഗ്, കഫ്തീരിയ എന്നിവ ചേർന്നതാണ് കുടുംബശ്രീ ബസാർ ആൻഡ് ഭക്ഷണശാല.

(പിഎൻപി 218/19)

## പ്രളയദുരന്തം : മൃഗസംരക്ഷണമേഖലയിലെ കർഷകർക്ക് തുക അനുവദിച്ചു

മൃഗസംരക്ഷണ മേഖലയിൽ പ്രളയദുരന്തവുമായി ബന്ധപ്പെട്ട് നാശനഷ്ടം സംഭവിച്ച കർഷകർക്കായി 29 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിരുന്നു. ഇതിൽ ആദ്യഗഡുവായ 1.64 കോടി രൂപ ജില്ലയിൽ വിതരണത്തിനായി ലഭ്യമാക്കിയിട്ടു ്. കന്നുകാലികൾ, പക്ഷികൾ, തൊഴുത്തുകൾ എന്നിവ നഷ്ടപ്പെട്ടവർക്ക് അനുവദനീയമായ തുക നൽകും. ഇതിനായി ദുരിതബാധിതരായ കർഷകരുടെ വിവരങ്ങളും അവർക്കു ായ നഷ്ടവും ക്രോഡീകരിച്ച് അതത് പഞ്ചായത്ത് പ്രസിഡന്റ്, വെറ്റിനറി സർജൻ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ പട്ടിക തയാറാക്കിയിട്ടു ്. ഗുണഭോക്താവിന്റെ ബാങ്ക് അക്കൗ ് വഴിയായിരിക്കും തുക വിതരണം ചെയ്യുക. (പിഎൻപി 219/19)

## നികുതി പിരിവ് ക്യാമ്പ്

ചെന്നീർക്കര ഗ്രാമപഞ്ചായത്തിൽ ഈ മാസം 21 മുതൽ 28 വരെ വിവിധ സ്ഥലങ്ങ ളിൽ നികുതി പിരിവ് ക്യാമ്പുകൾ സംഘടിപ്പിക്കും. 21ന് പ്രക്കാനം പബ്ലിക് ലൈബ്രറി, 22ന് മാത്തൂർ ദേശസേവിനി വായനശാല, മഞ്ഞിനിക്കര റേഷൻ കട ജംഗ്ഷൻ, 23ന് കോടൻമുറി അങ്കണവാടി, മുട്ടുകുടുക്ക സാംസ്കാരിക നിലയം, 24ന് മുട്ടത്തുകോണം ജനത ലൈബ്രറി, 25ന് അമ്പലത്തുംപാട് കൃഷിഭവൻ, തുമ്പമൺ നോർത്ത് ഗവൺമെന്റ് ഹൈസ്കൂൾ ജംഗ്ഷൻ, 28ന് മുറിപ്പാറ ദേശാഭിമാനി വായനശാല എന്നിവിടങ്ങളിലാണ് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടു ള്ളത്.

(പിഎൻപി 220/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

Sample output to test PDF Combine only

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| **ജനുവരി 19**<br>**January 19** | **2019** |

***1193 മകരം 5 ശനി***

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

### മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു

നദികൾ, പൊതുജലാശയങ്ങൾ എന്നിവയിലെമത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അതിലൂടെ, ഉൾനാടൻ മത്സ്യോല്പാദന വർദ്ധനവിനുമായി ഫിഷറീസ്വകുപ്പ് നടപ്പാക്കുന്ന സാമൂഹ്യമത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി അങ്ങാടി ഗ്രാമ പഞ്ചായത്തിലെ ഉപാസന കടവിൽ രാജു എബ്രഹാം എംഎൽഎയുടെ നേതൃത്വത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. ബ്ലോക്ക് പഞ്ചായത്ത് അംഗം മേഴ്സി പാ ിയത്ത്, അങ്ങാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബി.സുരേഷ്, വൈസ് പ്രസിഡന്റ് ദീനാമ്മ സെബാസ്റ്റ്യൻ, സ്ഥിരം സമിതി അധ്യക്ഷരായ പി.എം.ഷംസുദീൻ, പ്രീതാതോമസ്, സിനിഏബ്രഹാം, ജില്ലാ ഫിഷറീസ് ഓഫീസർ എസ്. പ്രിൻസ്, ഫിഷറീസ് സബ്ഇൻസ്പെക്ടർ എൻ.ഉല്ലാസ്, പ്രോജക്ട് കോ-ഓർഡിനേറ്റർമാർ, അക്വാകൾച്ചർ പ്രൊമോട്ടർമാർ, മത്സ്യകർഷകർ, പ്രദേശവാസികൾ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 221/19)

### വടശേരിക്കര പാലം നിർമാണം ഉടൻ – രാജുഎബ്രഹാം എംഎൽഎ

വടശ്ശേരിക്കര പാലം നിർമ്മാണം ഉടൻ തുടങ്ങുമെന്ന് രാജുഎബ്രഹാം എംഎൽഎ അറിയിച്ചു. ഇതിന്റെ കരാർ നടപടികൾ പൂർത്തിയായി. 9.34 കോടി രൂപയ്ക്ക് കരാർ ഏറ്റെടുത്തിട്ടുള്ളത്. പാലം നിർമാണത്തിനായി 14.06 കോടി രൂപയാണ് സർക്കാർ അനുവദിച്ചത്. പാലത്തിന്റെ ലെവൽസ് എടുക്കുന്നത് ഉൾപ്പെടെയുള്ള മറ്റ് നിർമാണ പ്രവൃത്തികൾ ഇതിനോടകം ആരംഭിച്ചിട്ടു ്.

Sample output to test PDF Combine only

മണ്ണാറക്കുളഞ്ഞി പമ്പ ശബരിമല പാതയിൽ കല്ലാറ്റിനു കുറുകെ വടശ്ശേരിക്കരയിലെ നിലവിലുള്ള വീതികുറഞ്ഞ കാലപ്പഴക്കം ചെന്ന പാലത്തിന് പകരമായാണ് പുതിയ പാലം നിർമിക്കുന്നത്. ശബരിമല ഭക്തരുടെ പ്രധാന ഇടത്താവളങ്ങളിൽ ഒന്നായ വടശ്ശേരിക്കരയിൽ സീസൺ കാലത്ത് അതിഭയങ്കരമായ തിരക്കാണ് അനുഭവപ്പെടുന്നത്. പാലത്തിന്റെ വീതി കുറവുമൂലം ഇവിടെ ഗതാഗതക്കുരുക്കും നിത്യസംഭവമാണ്. മാത്രമല്ല വീതികുറഞ്ഞ പാലത്തിലൂടെ വാഹനം കടന്നുപോകുമ്പോൾ ഇതുവഴിയുള്ള കാൽനട യാത്ര ദുസ്സഹവും അപകടകരവുമാണ്. കാൽനടയാത്രക്കാർക്കായി പാലത്തിനോട് ചേർന്ന് നടപ്പാലം നിർമിക്കാൻ പണം നേരത്തെ അനുവദിച്ചിരുന്നെങ്കിലും സാങ്കേതിക ബുദ്ധിമുട്ടുകാരണം പദ്ധതി ഉപേക്ഷിച്ചു. തുടർന്നാണ് പുതിയ പാലം എന്ന ആശയം മുന്നോട്ടു വന്നത്. ഇതാണ് ഇപ്പോൾ നിർമാണം ആരംഭിക്കുന്നത്.

2016 ലാണ് പാലം നിർമാണത്തിനുള്ള ആദ്യ ഇൻവെസ്റ്റിഗേഷൻ നടപടികളാരംഭിച്ചത്. 113 മീറ്റർ നീളത്തിൽ നിർമിക്കുന്ന പാലത്തിന് ആകെ 11.05 മീറ്ററാണ് വീതി. ഇരുവശത്തും നടപ്പാതകൾ കഴിഞ്ഞു പാലത്തിനെ വാഹനം പോകുന്നതിന് ഏഴര മീറ്റർ വീതിയു ്. 45 മീറ്ററിന്റെ 2 സ്പാനുകളും 23 മീറ്ററിന്റെ ഒരു സ്പാനുമാണ് നദിയിൽ ഉള്ളത്. ഇരുകരകളിലുമായി 225 മീറ്റർ വീതിയിലുള്ള അബട്ട്മെന്റുകളുമു ്.

ശബരിഗിരി പദ്ധതിക്കായി നിർമാണസാമഗ്രികൾ കൊ ുപോകുന്നതിനായി കെഎസ്ഇബിയാണ് പഴയപാലം നിർമിച്ചിരുന്നത്. പഴയ പാലത്തിന് തൊട്ടുതാഴെയാണ് പുതിയപാലം നിർമിക്കുക. (പിഎൻപി 222/19)

## തിരുവല്ല ബൈപ്പാസ്: നിർമാണ പ്രവർത്തനങ്ങൾ ഈ മാസം 23ന് ആരംഭിക്കും

തിരുവല്ല ബൈപാസ് നിർമാണ പ്രവർത്തനങ്ങൾ ഈ മാസം 23ന് ആരംഭിക്കുമെന്ന് മാത്യു ടി തോമസ് എം എൽ എ പറഞ്ഞു. തിരുവല്ല ബൈപാസ് നിർമാണം, നഗരത്തിലെ എംസി റോഡ് നവീകരണം എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി തിരുവല്ല പിഡബ്ല്യുഡി റസ്റ്റ്ഹൗസ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു എംഎൽഎ. ഒമ്പത് മാസം കൊ ് തന്നെ പണികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി എല്ലാ വകുപ്പുകളും യോജിച്ചുകൊ ് അനാവശ്യ കാലതാമസം ഒഴിവാക്കി പ്രവർത്തനങ്ങളെ ഏകോപിപ്പക്കണമെന്നും എംഎൽഎ പറഞ്ഞു. ബൈപാസിന്റെ പ്രാഥമിക പണികൾ ആരംഭിച്ചിട്ടു ്. ബൈപാസിനായുള്ള സ്ഥലമെടുപ്പുമായി നിലനിൽക്കുന്ന മൂന്ന് കേസുകളിൽ കക്ഷികളുമായി ചർച്ച ചെയ്ത് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടി അന്തിമഘട്ടത്തിലാണെന്ന് കെഎസ്ടിപി യോഗത്തിൽ അറിയിച്ചു. എംസി റോഡിന്റെ ടൗൺഭാഗം പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഫെബ്രുവരി ഒന്നിന് ആരംഭിക്കും. ടൗണിലെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ ഉ ായേക്കാവുന്ന ഗതാഗതകുരുക്ക് മുന്നിൽക ് ആവശ്യമായ ഗതാഗത പരിഷ്കരണങ്ങൾ നടത്തുന്നതിന് യോഗം പോലീസിനെ ചുമതലപ്പെടുത്തി. പണികൾ സംബന്ധിച്ച വിവരങ്ങൾ പോലീസിന് കൈമാറണമെന്ന് കെഎസ്ടിപിയ്ക്ക് യോഗം നിർദ്ദേശവും നൽകി. യോഗത്തിന് ശേഷം മഴുവങ്ങാട് മുതൽ രാമൻചിറ വരെയുള്ള റോഡിൽ കെഎസ്ടിപി, ബിഎസ്എൻഎൽ, വാട്ടർ അതോറിറ്റി എന്നിവരുടെ നേതൃത്വത്തിൽ പരിശോധന നടത്തി. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എല്ലാ വകുപ്പ് പ്രതിനിധികളെയും ഉൾപ്പെടുത്തി വാട്സാപ്പ് ഗ്രൂപ്പ് ആരംഭിക്കുന്നതിന് യോഗത്തിൽ അധ്യക്ഷത വഹിച്ച ജില്ലാകളക്ടർ പി.ബി നൂഹ് കെഎസ്ടിപി പ്രതിനിധിക്ക് നിർദ്ദേശം നൽകി. തിരുവല്ല നഗരസഭ ചെയർമാൻ ചെറിയാൻ പോളച്ചിറയ്ക്കൽ, തിരുവല്ല ഡിവൈഎസ്പി ടി. സന്തോഷ്കുമാർ, കെഎസ്ടിപി ഇഇ സി. രാകേഷ്, ഈജിസ് ഇന്ത്യാ ടീം ലീഡർ എം.കെ വർഗീസ്, വിവിധ വകുപ്പ് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 223/19)

Sample output to test PDF Combine only

**മാധ്യമ സെമിനാർ**

സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ പത്തനംതിട്ട പ്രസ് ക്ലബ് ഹാളിൽ ഈ മാസം 24ന് മാധ്യമ സെമിനാർ സംഘടിപ്പിക്കും. വിവരാവകാശ കമ്മീഷണർ കെ.വി.സുധാകരൻ സെമിനാർ ഉദ്ഘാടനം ചെയ്യും. പത്ര-ദൃശ്യ-നവ മാധ്യമ രംഗത്തെ വിദഗ്ദ്ധർ പ്രഭാഷണങ്ങളും സംവാദങ്ങളും നടത്തും. മാധ്യമ പ്രവർത്തന രംഗത്ത് താത്പര്യമുള്ള, 25ന് താഴെ പ്രായമുള്ളവർക്ക് പങ്കെടുക്കാം. താത്പര്യമുള്ളവർ ഈ മാസം 21ന് മുമ്പ് ജില്ലാ യൂത്ത് ഇൻഫർമേഷൻ ഓഫീസർ, ജില്ലാ യുവജനകേന്ദ്രം, കളക്ടറേറ്റിന് സമീപം, പത്തനംതിട്ട എന്ന വിലാസത്തിലോ pta.ksywb@kerala.gov.in എന്ന ഇ-മെയിലിലോ 9446108989 എന്ന വാട്സ്ആപ് നമ്പരിലോ രജിസ്റ്റർ ചെയ്യണം. തെരഞ്ഞെടുക്കപ്പെടുന്ന 50 പേർക്കാണ് അവസരം ലഭിക്കുക. ഫോൺ: 0468 2231938.

(പിഎൻപി 224/19)

**മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്രവേശനം**

പട്ടികജാതി പട്ടികവർഗ റസിഡൻഷ്യൽ എഡ്യൂക്കേഷൻ സൊസൈറ്റിയുടെ നിയന്ത്രണത്തിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേക്ക് പട്ടികജാതി/പട്ടികവർഗ/ജനറൽ വിദ്യാർഥികൾക്ക് അഞ്ച്, ആറ് ക്ലാസുകളിലേക്ക് പ്രവേശനത്തിന് അപേക്ഷിക്കാം ഇടുക്കി, പൂക്കോട് എന്നിവിടങ്ങളിലെ എംആർഎസുകളിലേക്കാണ് പ്രവേശനം. രക്ഷകർത്താവിന്റെ കുടുംബവരുമാനം ഒരു ലക്ഷത്തിൽ കവിയാൻ പാടില്ല. വെള്ളപേപ്പറിൽ തയാറാക്കിയ അപേക്ഷയിൽ കുട്ടിയുടെ പേര്, രക്ഷിതാവിന്റെ പേര്, മേൽവിലാസം, ഫോൺ, സമുദായം, വാർഷിക വരുമാനം എന്നിവ ഉൾപ്പെടുത്തണം. നിലവിൽ പഠിക്കുന്ന സ്കൂൾ അധികൃതരിൽ നിന്നും സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം നൽകണം. അപേക്ഷ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, റാന്നി എന്ന വിലാസത്തിൽ ഫെബ്രുവരി 10നകം നൽകണം. ഫോൺ: 04735227703. (പിഎൻപി 225/19)

**വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ ഒഴിവ്**

അടൂർ ഐഎച്ച്ആർഡി എൻജിനീയറിംഗ് കോളജിൽ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ (മെക്കാനിക്കൽ) തസ്തികയിലേക്ക് താത്ക്കാലിക അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. മെക്കാനിക്കൽ എൻജിനീയറിംഗിൽ ഫസ്റ്റ് ക്ലാസോടുകൂടിയ ത്രിവത്സര ഡിപ്ലോമയാണ് യോഗ്യത. താത്പര്യമുള്ളവർ ഈ മാസം 29ന് രാവിലെ 10ന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഓഫീസിൽ ഹാജരാകണം. ഫോൺ: 04734 231995.

(പിഎൻപി 226/19)

**ജില്ലാ നിക്ഷേപക സംഗമം 23നും 24നും പത്തനംതിട്ടയിൽ**

സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 23നും 24നും പത്തനംതിട്ടയിൽ ജില്ലാ നിക്ഷേപക സംഗമം സംഘടിപ്പിക്കും. കുമ്പഴയിൽ 23ന് രാവിലെ 10ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി സംഗമം ഉദ്ഘാടനം ചെയ്യും. പത്തനംതിട്ട നഗരസഭാധ്യക്ഷ ഗീത സുരേഷ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കൗൺസിലർ ആമിന ഹൈദരലി, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഡി.രാജേന്ദ്രൻ, ലീഡ് ഡിസ്ട്രിക്ട് മാനേജർ വി.വിജയകുമാർ, മോർലി ജോസഫ്, ജി.ഷാജി തുടങ്ങിയവർ സംസാരിക്കും.

തുടർന്ന് ജില്ലയിലെ മൂലധന നിക്ഷേപങ്ങളിൽ ധനകാര്യ സ്ഥാപനങ്ങളുടെ പങ്ക്, വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട നിക്ഷേപസാധ്യതകൾ, ചെറുകിട സംരംഭങ്ങളിലെ പുതിയ സാധ്യതകൾ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്-ശ്രദ്ധ ചെലുത്തേ കാര്യങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസ് നയിക്കും.

സംരംഭകർക്ക് ആവശ്യമായ വായ്പ, പുതിയ സംരംഭക നിക്ഷേപസാധ്യതകൾ, നവീ

Sample output to test PDF Combine only

കരിച്ച വ്യവസായ ലൈസൻസിംഗ് നടപടിക്രമങ്ങൾ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നതിനും അവ ലഭ്യമാക്കുവാനും ഉദ്ദേശിച്ചുകൊ ാണ് ജില്ലാ നിക്ഷേപസംഗമം സംഘടിപ്പിക്കുന്നത്. സംഗമത്തിൽ പങ്കെടുക്കുന്നതിന് മുൻകൂട്ടി രജിസ്റ്റർ ചെയ്യാം. ഫോൺ: 8547746815, 9961445884, 9446675700, 8848203103. (പിഎൻപി 227/19)

## സർക്കാർ ഏറ്റവും കൂടുതൽ ഊന്നൽ നൽകുന്നത് പൊതുവിദ്യാഭ്യാസസംരക്ഷണത്തിന് : മന്ത്രി കെ.രാജു

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനാണ് സംസ്ഥാന സർക്കാർ ഏറ്റവും കൂടുതൽ ഊന്നൽ നൽകുന്നതെന്ന് വനം–മൃഗസംരക്ഷണ–ക്ഷീര വികസനമന്ത്രി കെ രാജു പറഞ്ഞു. അടൂർ തെങ്ങമം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി സംസ്ഥാനത്ത് ഇതുവരെ 45000 ക്ലാസുകളാണ് ഹൈടെക് ആക്കിയത്. ഹയർ സെക്കൻഡറി ഹൈസ്കൂളുകൾ മാത്രമല്ല എൽ.പി, യു.പി സ്കൂളുകളും ഹൈടെക് ആക്കുന്ന പദ്ധതികൾ ആരംഭിച്ചു കഴിഞ്ഞെന്നും അദ്ദേഹം പറഞ്ഞു. പഠനനിലവാരം മെച്ചപ്പെട്ടെന്ന് ബോധ്യപ്പെട്ട മാതാപിതാക്കൾ കുട്ടികളെ സർക്കാർ സ്കൂളുകളിലേക്ക് തിരിച്ച് കൊ ുവരുന്ന രീതിയാണ് ഇപ്പോൾ കേരളത്തിലുള്ളത്. എയ്ഡഡ് സ്കൂളുകളേയും പൊതുവിദ്യാഭ്യാസമേഖലയിൽ ഉൾപ്പെടുത്തി പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും, അടിസ്ഥാന സൗകര്യത്തിനുമുള്ള ഫ ് അനുവദിക്കുന്നു ്. അടിസ്ഥാന സൗകര്യവികസനത്തിന് പൂർവവിദ്യാർഥി സംഘടനകളുടെ സഹായവും സ്വീകരിക്കാവുന്നതാണെന്നും മന്ത്രി പറഞ്ഞു.

വിദ്യാഭ്യാസ മേഖലയിലെ വികസനങ്ങൾക്ക് വേ ിയാണ് എം.എൽ.എ ഫ ിൽ നിന്ന് ഏറ്റവും കൂടുതൽ തുക വിനിയോഗിച്ചിട്ടുള്ളതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ചിറ്റയം ഗോപകുമാർ എംഎൽഎ പറഞ്ഞു.

സ്ഥലപരിമിതിയിൽ വീർപ്പ് മുട്ടിയിരുന്ന തെങ്ങമം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിന്റെ സ്ഥിതി മനസിലാക്കി ചിറ്റയം ഗോപകുമാർ എം.എൽ.എയുടെ വികസനഫ ിൽ നിന്നും ഒരു കോടി രൂപ അനുവദിച്ചാണ് പുതിയ കെട്ടിടം നിർമിച്ചത്. സംസ്ഥാന നിർമിതി കേന്ദ്രത്തിന്റെ ചുമതലയിലാണ് കെട്ടിനിർമാണം പൂർത്തീകരിച്ചത്. ഇതോടെ ഹൈസ്കൂൾ വിഭാഗത്തിന് ര ് നില കെട്ടിടമാകും. താഴത്തെ നിലയിൽ അഞ്ച് ക്ലാസും മുകളിലത്തെ നിലയിൽ ര ് ക്ലാസുകളുമായിരിക്കും പ്രവർത്തിക്കുക.

ജില്ലാ പഞ്ചായത്തംഗം ടി മുരുകേഷ്, ബ്ലോക്ക് പഞ്ചായത്തംഗം വിമൽ കൈതയ്ക്കൽ, ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ വി.സുലേഖ, ഗ്രാമപഞ്ചായത്തംഗങ്ങളായ എം.ശിവദാസൻ, കെ.സദാശിവൻ പിള്ള, സി.സന്തോഷ്, ആര്യ ദിൻരാജ്, ഷീജ റോബി, അടൂർ എ.ഇ.ഒ ബി.വിജയലക്ഷ്മി, പ്രിൻസിപ്പൽ എം.ഇ സലീന, ഹെഡ്മിസ്ട്രസ് എൽ അനിത, രാഷ്ട്രീയകക്ഷി നേതാക്കളായ എ.പി ജയൻ, തോപ്പിൽ ഗോപകുമാർ, എം.രാജേഷ്, എ.പി സന്തോഷ്, പി.ടി.എ പ്രസിഡന്റ് കെ. ഉണ്ണികൃഷ്ണൻ നായർ, തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 228/19)

## യോഗം

പത്തനംതിട്ട ജനറൽ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി യോഗം 22ന് പകൽ 11ന് ആശുപത്രിയിൽ ചേരും. (പിഎൻപി 229/19)

Sample output to test PDF Combine only

## പ്രൊജക്ട് ഹാപ്പിനസ്: സംഗമം ഇന്ന് (20)

ജില്ലയിലെ മാനസിക പിന്തുണ ആവശ്യപ്പെടുന്നവർക്കും ഏകാന്തത അനുഭവിക്കുന്ന വർക്കും ശ്രദ്ധയും പരിചരണവും നൽകുന്ന പ്രൊജക്ട് ഓഫ് ഹാപ്പിനസിന്റെ സംഗമം ഇന്ന് നടക്കും. ചായലോട് മൌ ്സിയോൻ മെഡിക്കൽ കോളജിൽ നടക്കുന്ന പരിപാടി രാവിലെ 10ന് ജില്ലാ കളക്ടർ പി.ബി.നൂഹ് ഉദ്ഘാടനം ചെയ്യും. ജില്ലാ ഭരണകൂടവും കുടുംബശ്രീ മിഷനും മൌ ്സിയോൻ മെഡിക്കൽ കോളജും സന്നദ്ധസേവകരും ചേർന്നാണ് പദ്ധതി നട പ്പാക്കുന്നത്.

(പിഎൻപി 230/18)

## കർഷക തൊഴിലാളിയുടെ മരണം: ഡിപ്പോ അടച്ചുപൂട്ടി

പത്തനംതിട്ട പെരിങ്ങരയിൽ നെല്ലിന് കീടനാശിനി തളിക്കവെ കർഷക തൊഴിലാളി മരിച്ച സംഭവത്തിൽ കൃഷി വകുപ്പ് ഡയറക്ടറുടെ നിർദേശപ്രകാരം ജില്ലയിലെ ഡിപ്പോ അട ച്ചുപൂട്ടി. കൂടാതെ സംസ്ഥാനത്തൊട്ടാകെ വിരാട് കീടനാശിനിയുടെ വിൽപ്പന നിർത്തിവ യ്ക്കാനും നടപടി സ്വീകരിച്ചു. ജില്ലയിലെ എല്ലാ കീടനാശിനി ഡിപ്പോകളും അടിയന്തരമായി പരിശോധിച്ച് അനധികൃത കീടനാശിനികൾ വിൽപ്പന നടത്തുന്നില്ലെന്ന് ഉറപ്പുവരുത്താനും പ്രിൻസിപ്പൽ കൃഷി ഓഫീസർ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകി.

(പിഎൻപി 231/19)

## ക്ഷീര കർഷകർക്ക് എല്ലാ പിന്തുണയും നൽകി സർക്കാർ ഒപ്പമുെ ന്ന് മന്ത്രി കെ രാജു

ക്ഷീര കർഷകർക്ക് എല്ലാ പിന്തുണയും നൽകി സർക്കാർ ഒപ്പമുെ ന്ന് വനംമൃഗസംരക്ഷണ ക്ഷീര വികസനമന്ത്രി കെ രാജു. അടൂരിൽ വെറ്ററിനറി പോളിക്ലിനിക് നിർമാണഉദ്ഘാടനം അടൂർ ആൾസെയിന്റ് പബ്ലിക് സ്കൂളിൽ ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പാൽ മുട്ട ഇറച്ചി എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടാൻ നാം ശ്രമിക്കണം. പ്രളയത്തിൽ തിരിച്ചടി ഉ ായതിൽ ഒന്നാണ് മൃഗ സംരക്ഷണ മേഖല. പാൽ ഉത്പാദന മേഖലയിൽ സ്വയം പര്യാപ്തതയിലേക്ക് നാം കുതിച്ചുയറുകയായിരുന്നു, അപ്പോഴാണ് പ്രളയം തിരിച്ചടിയായത്. ഉടൻ തന്നെ ഈ മേഖലയിൽ മുന്നേറ്റമു ാകുമെന്നും മന്ത്രി പറഞ്ഞു. അടൂരിനെ സം ബന്ധിച്ചിടത്തോളം പ്രളയം നശിപ്പിച്ചതെല്ലാം തിരിച്ചു പിടിച്ചു വരികയാണെന്നും അദേഹം പറഞ്ഞു. പോളി ക്ലിനിക് പൂർത്തിയാക്കുവാൻ പൊതു മരാമത്ത് വിഭാഗത്തിന്റെ എല്ലാവിധ സഹകരണങ്ങളും ലഭ്യമാക്കണമെന്ന് അദേഹം പറഞ്ഞു

സംസ്ഥാന സർക്കാരിന്റെ മൃഗസംരക്ഷണ വകുപ്പ് അനുവദിച്ച തൊണ്ണൂറ് ലക്ഷം രൂപ ചിലവിലാണ് 2400 സ്ക്വയർഫീറ്റിൽ വെറ്ററിനറി പോളിക്ലിനിക് കെട്ടിടം നിർമിക്കുന്നത്. ഇരുപത്തിനാലും മണിക്കൂറും പ്രവർത്തിക്കുന്നതും എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോട് കൂടിയതുമായിരിക്കും ഇത്.

ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിച്ചു. മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ ഡോ പി കെ സദാനന്ദൻ, അടൂർ നഗരസഭാചെയർപേഴ്സൺ ഷൈനി ബോബി, വൈസ് ചെയർമാൻ ജി പ്രസാദ്, സി പി ഐ ജില്ലാ സെക്രട്ടറി എ പി ജയൻ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ബാബു ഏബ്രഹാം, അടൂർ നഗരസഭാകൗൺസിലർമാരായ ഗോപു കരുവാറ്റ, ആർ സനൽകുമാർ, രാജി ചെറിയാൻ, ഡി ശശികുമാർ , സീനിയർ വെറ്ററിനറി സർജൻ ജെ ഹരികുമാർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 232/19)

Sample output to test PDF Combine only

**ഫോട്ടോ അടിക്കുറിപ്പ്**

1) അങ്ങാടി ഗ്രാമ പഞ്ചായത്തിലെ ഉപാസന കടവിൽ രാജു എബ്രഹാം എംഎൽഎയുടെ നേതൃത്വത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നു.
2) തിരുവല്ല ബൈപാസ് നിർമാണം, നഗരത്തിലെ എംസി റോഡ് നവീകരണം എന്നിവയുമായി ബന്ധപ്പെട്ട തിരുവല്ല പിഡബ്ല്യുഡി റസ്റ്റ്ഹൗസ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ മാത്യു ടി. തോമസ് എംഎൽഎ സംസാരിക്കുന്നു.
3) തെങ്ങമം ഗവമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം മന്ത്രി കെ രാജു നിർവഹിക്കുന്നു
4) അടൂരിൽ വെറ്ററിനറി പോളിക്ലിനിക് നിർമാണം അടൂർ ആൾസെയിന്റ് പബ്ലിക് സ് കൂളിൽ മന്ത്രി കെ രാജു ഉദ്ഘാടനം ചെയ്യുന്നു






**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

Sample output to test PDF Combine only